നം.കെ.എസ്.എ.-കെ.ടി.എം.പി4- 1243/19 തീയതി : 27.08.2019.

# കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ **മാഞ്ഞൂർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2018മുതൽ 31.03.2019-തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 09.08.2019 ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു.സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.07.2019 മുതൽ 09.08.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഇന്ദുലേഖ.എ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സ്മിത ജി നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷീല വി.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ആൽബിൻ സിറിയക് | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. ജോൺ നീലംപറമ്പിൽ | 01.04.2018- 30.05.2018 |
| | ലൂക്കോസ് മാക്കിൽ | 31.05.2018- 28.06.2018 |
| | ശ്രീ. സുനു ജോർജ് | 29.06.2018-31.3.2019 |
| സെക്രട്ടറി | ശ്രീ. ബി സാബു | 01.04.2018-04.06.2018 |
| | ശ്രീ. ബിജു.എം. മാത്യൂസ്, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | 05.06.2018-20.06.2018 |
| | ശ്രീ. വിനോദ് ബാബു പി.വി. | 21.06.2018 –31.03.2019 |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | സലിൻ .പി.ആർ | 1.04.2018-31.03.2019 |
| വെറ്ററിനറി സർജൻ | ഡോ.ജോജി മാത്യൂ | 1.04.2018-7.06.2018 |
| | ഡോ.ദിവ്യമോൾ തോമസ് | 8.06.2018-31.03.2019 |
| വി.ഇ.ഒ | ശ്രീമതി.അനുപമ | 1.04.2018-31.03.2019 |
| | ശ്രീ.ബിജുമോൻ.കെ.വി | 1.04.2018-16.07.2018 |
| | ശ്രീ.ഗിരീഷ് | 1.12.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.റ്റെജി മാത്യൂസ് ജോസ് | 1.04.18-10.08.18 |
| | ഡോ.സൗമ്യ എസ് നായർ | 13.08.18-31-03.2019 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.മഞ്ചു.റ്റി.വി | 1.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.ഗീത.കെ ശ്രീനിവാസൻ | 1.04.2018-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഫെബിന.ബി | 1.04.2018-08.07.2018<br>18.07.2018-10.09.2018 |
| | ശ്രീരാജി | 09.07.18-17.07.18 |
| | മിനികുമാരി.പി.എൻ | 25.07.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.സോജൻ | 1.04.2018-31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | ശ്രീമതി.ശ്രീജ രാധാകൃഷ്ണൻ | 1.04.2018-31.03.2019 |
| അസി.സെക്രട്ടറി | ശ്രീമതി. അംബികദേവി.കെ.കെ | 1.04.2018-31.03.2019 |
| ഹെഡ്മാസ്റ്റർ | ശ്രീമതി. കെ.എം.ഷീജ | 1.04.2018-31.03.2019 |

**ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | |

| | |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്&പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം(മാന്വൽ പാർട്ട് 1 അനുബന്ധം ബി) |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ. (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പടാത്തവ) |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1-1 | സതേൺ റയിൽവേയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയിട്ടില്ല |
| 2-1-2 | വാണിജ്യവശ്യത്തിനുള്ള കെട്ടിടങ്ങളുടെ പരിഷ്കരിച്ച നികുതി 2013-14 വർഷം മുതൽ അടയ്ക്കുന്നതിന് ഇളവ് ചെയ്തത് |
| 2-1-3 | പൂർത്തീകരണ പ്ലാനിലെ വിസ്തീർണ്ണത്തിന് അനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-1-4 | വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് |
| 2-1-5 | വസ്തുനികുതി- സഞ്ചയയിൽ പ്യൂരിഫിക്കേഷൻ പുരോഗതി സംബന്ധിച്ച് |
| 2-2-1 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല |
| 2-2-2 | കരാറുകാർ, റേഷൻ വ്യാപാരികൾ, കള്ളുഷാപ്പുടമകൾ തൊഴിൽ നികുതി അടയ്ക്കുന്നില്ല |
| 2-3 | ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-4 | കെട്ടിടനിർമ്മാണ പെർമിറ്റ് ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കേണ്ടതാണ് |
| 2-5-1 | ഇ- ടെൻഡർ – ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |
| 2-5-2 | ടെൻഡർ ഫീസ് – കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം വിഹിതം കുറവായി അടയ്ക്കുന്നു |
| 3-2 | തൊഴിലില്ലായ്മ വേതനം അനർഹർക്ക് നൽകിയിരിക്കുന്നു |
| 3-3 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല- വൈദ്യുതി ചാർജിനത്തിൽ അധികചെലവുണ്ടാകുന്നു |
| 3-4 | ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല |
| 3-5 | പകൽവീട്, വായോജനകേന്ദ്രം എന്നിവയുടെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് |
| | |

| | |
|---|---|
| 3-6 | പ്ലാൻഫണ്ട് തുക മുൻകൂർ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു |
| 3-7 | അങ്കണവാടികൾ – വർക്കർമാർക്കും ഹെൽപ്പർമാർക്കും അധികവേതനം – ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല |
| 3-8 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ |
| 3-9 | ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകൾ വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു |
| 3-10 | ക്ഷീരസംഘങ്ങളിലൂടെ സംഭരിക്കുന്ന പാലിന് സബ്സിഡി – അപാകതകൾ സംബന്ധിച്ച് |
| 3-11 | ജി എസ് റ്റി ഉറവിടത്തിൽ കുറവ് ചെയ്യണമെന്ന നിർദ്ദേശം പാലിച്ചില്ല |
| 3-12 | ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടത് സംബന്ധിച്ച് |
| 3-13 | ഓഡിറ്റ് വേളയിൽ തീർപ്പാക്കിയ അപാകങ്ങൾ |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |


# ഭാഗം -1
# പൊതു അവലോകനം

## 1-1. ബജറ്റ്

2018-19വർഷത്തെ ബജറ്റ് 14.02.2019 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 8523001 | 7482813 |
| വരവ് | 185687473 | 104264071 |
| ആകെ | 194213474 | 111746884 |
| ചെലവ് | 192645208 | 100494473 |
| നീക്കിയിരിപ്പ് | 1568266 | 111252411 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ല.

സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളും, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ് വേർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല. സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 09.05.2019 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 27.05.2019-28.05.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 4.06.2019-ലെ കെ.എസ്.എ.കെ.ടി.എം പി4/751/19 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7676309 |
| വരവ് | 96587762 |
| ആകെ | 104264071 |
| ചെലവ് | 93011660 |
| നീക്കിയിരിപ്പ് | 11252411 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16996000 | 16996000 | 16461129 | 534871 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4820000 | 4820000 | 4766011 | 53989 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 187000 | 187000 | 187000 | ------------- |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 27066000 | 27066000 | 27066000 | --------- |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3539000 | 3539000 | 3539000 | ----------- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10861074 | 10861074 | | -------- |
| ട്രഷറി ഓൺ ഫണ്ട് vpfa 1, 2 | 6391469 | 13537979 | 19929439 | 10072435 | 9858004 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 12431350 | 12431350 | 12431350 | ----------- |
| MGNREGS | 8077 | 21146307 | 21154384 | 21145716 | 8668 |
| എസ്.ബി.ടി, (ഐ.സി.ഡി.എസ്) | 807498 | 407712 | 1215210 | 600000 | 615210 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 98372 | 4059191 | 4157563 | 3677426 | 480137 |
| ബി ഫണ്ട് | | 52522660 | 52522660 | 52522660 | |

| തനത്ഫണ്ട് | | 11618746 | | 8294045 | |
|---|---|---|---|---|---|

# 1-6 പദ്ധതി നിർവ്വഹണം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) രണ്ടാംവാർഷികപദ്ധതിയാണ് 2018-19 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 07.03.18, 9.03.18 തീയതികളിൽ 14 വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജക്ടുകൾ 22.02.18 മുതൽ 28.02.2018 വരെയുള്ള കാലയളവിൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 07.03.2018 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.03.2018ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2018-19 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി. 490/18-/DPC/DPO/KTM തീയതി 01.03.2019 നമ്പരായി വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടുണ്ട്.

**വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും**

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| ജനറൽ | ഉത്പാദനം | 17 | 17 | 4270473 | 3965127 | 92.7 |
| | സേവനം | 55 | 48 | 12689173 | 11089779 | 87.3 |
| | പശ്ചാത്തലം | 193 | 140 | 1453876 | 1406223 | 96.7 |
| എസ്.സി.പി | ഉത്പാദനം | 2 | 2 | 351000 | 242000 | 68.9 |
| | സേവനം | 10 | 9 | 5313585 | 4424011 | 83.2 |
| | പശ്ചാത്തലം | - | - | - | - | - |
| റ്റി.എസ്.പി | ഉത്പാദനം | 1 | 1 | 10000 | 10000 | 100 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | സേവനം | 5 | 4 | 206000 | 177000 | 85.4 |
| | പശ്ചാത്തലം | ----- | --- | --------- | ----- | ----- |
| | ആകെ | 283 | 221 | 99285483 | 71823725 | 72 |

അംഗീകാരം ലഭിച്ച 283 പ്രോജക്ടുകളിൽ 221 എണ്ണത്തിനു മാത്രമെ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. 72 ശതമാനമായിരുന്നു ചെലവ്. എസ്.സി.പി ഫണ്ട് വിഹിതം പശ്ചാത്തല മേഖലയിലും റ്റി.എസ്.പി ഫണ്ട് വിഹിതം ഉത്പാദന-സേവനമേഖലയിലും വകയിരുത്തിയിട്ടില്ല. പദ്ധതി ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

അംഗീകാരം ലഭിച്ച 283പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 13 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 5 | 5 | 4804473 | 4165555 | 86.2 |
| 2. | വെറ്ററിനറി സർജൻ | 8 | 8 | 3036000 | 1569000 | 51.6 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 3 | 3 | 1600000 | 1600000 | 100 |
| 4. | എൽ.വി.ഇ.ഒ. | 7 | 6 | 6218880 | 4715540 | 75 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 377000 | 376990 | 99 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 6 | 6 | 4257564 | 3696251 | 86.4 |
| 7 | സെക്രട്ടറി | 23 | 17 | 7008620 | 6055064 | 86.81 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 199 | 148 | 53148525 | 38605043 | 72 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 1752854 | 1637483 | 93.4 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1350000 | 1150000 | 85.1 |
| 11 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 245000 | 245000 | 100 |
| 12 | വി.ഇ.ഒ. | 11 | 8 | 14946567 | 7573879 | 24 |
| 13 | ഹെഡ്മാസ്റ്റർ | 4 | 3 | 540000 | 433920 | 80 |
| | ആകെ | 283 | 221 | 99285483 | 71823725 | 72 |

ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോൽപന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. എന്നാൽ പതിവു ശൈലിയിലുള്ള വിത്തുനൽകൽ, പച്ചക്കറിയ്ക്ക് കൂലിചെലവ്, നെൽകൃഷിയ്ക്ക്

കൂലിചെലവ് പാടശേഖരസമിതികൾക്ക് മോട്ടോർ എന്നീ പ്രൊജക്ടുകളാണ് തൻവർഷവും നടപ്പിലാക്കിയിട്ടുള്ളത്. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും പൂർണ്ണമായും ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ നടപ്പാക്കിയ പ്രോജക്ടുകൾ ഫലപ്രദമായിരുന്നോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018 ഖണ്ഡിക 7.1. (എ) 10 പ്രകാരം കാർഷിക പദ്ധതികൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കാനുള്ള സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണം. ഇതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പാലിച്ച് പ്രവർത്തനം മെച്ചപ്പെടുത്താനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ, പെണ്ണാട് വളർത്തൽ പദ്ധതി, മുട്ടക്കോഴി വിതരണം തുടങ്ങിയ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറിസർജൻ നിർവഹണം നടത്തിയത്. മേൽ പദ്ധതി പ്രകാരം വെറ്ററിനറി സർജൻ കൺവീനറായും വികസന കാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ചെയർമാനുമായി ബെനിഫിഷറി പർച്ചേസ് കമ്മിറ്റി രൂപീകരിച്ചുവെങ്കിലും ആട്ട വാങ്ങലിനായി പർച്ചേസ് കമ്മിറ്റിയുടെ ഇടപെടൽ ഉൾപ്പെട്ടതായി ഫയൽ പരിശോധനയിൽ കണ്ടില്ല. ഭൂരിഭാഗം ഗുണഭോക്താക്കളും സമീപപ്രദേശവാസികളിൽ നിന്നാണ് ആടിനെ വാങ്ങിയിരിക്കുന്നത്. ഇപ്രകാരം ആടിനെ വാങ്ങുമ്പോൾ പഞ്ചായത്തിന്റെ മൃഗസമ്പത്തിന് വർദ്ധനവുണ്ടാകുന്നില്ല. പദ്ധതി വിഭാവനം ചെയ്യുത് മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദന മേഖല വിപുലീകരിക്കുന്നതിനുമായിരുന്നു. ധനകാര്യ ഇടപാടുകൾ നടന്നുവെങ്കിലും പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമായി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്റ്റ് മെഡി.ഓഫീസർ,പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്റ്റിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തുന്നുണ്ട്.

എസ്.സി, പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി ലൈഫ് മിഷൻ, സ്വയം തൊഴിലിന് ധനസഹായം, വ്യക്തിഗത കക്കൂസ് നിർമ്മാണം, വ്യക്തിഗത കക്കൂസ് നിർമ്മാണം, പഠനമുറി തുടങ്ങിയ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വി.ഇ.ഒ നിർവഹിച്ചത്. പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമായിരുന്നു.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് അങ്കണവാടികൾക്ക് അധിക ഗ്യാസ് സിലിണ്ടർ തുടങ്ങിയ പ്രോജക്ടുകളാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയത് അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

ആവശ്യപ്പെട്ട് പ്രോജക്റ്റ് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് പ്രോജക്റ്റുകൾ നടപ്പാക്കുകയും ചെയ്തു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ടെന്ന് അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഓഡിറ്റ് ടീമിന് ബോദ്ധ്യപ്പെട്ടു.

ധനകാര്യം, വികസനം, ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട വ്യത്യസ്തമായ പ്രോജക്ടുകളാണ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയതും നടപ്പിലാക്കിയതും. ഐ എസ് ഒ സർട്ടിഫിക്കേഷൻ അനുബന്ധ പ്രവർത്തനങ്ങൾ, അങ്കണവാടിജീവനക്കാർക്ക് വേതനം, പുതിയ പഞ്ചായത്ത് കെട്ടിടത്തിന്റെ ഫർണിഷിംഗ്, പകൽ വീടിന് ഫർണിച്ചർ, ആശ്രയ പ്രോജക്ട് കൂടാതെ ഐ.കെ.എം പ്രവർത്തന ഫണ്ട്, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ വിവിധ നിക്ഷേപ പ്രവൃത്തികൾ തുടങ്ങിയ പ്രോജക്ടുകൾ സെക്രട്ടറി നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ളതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളതുമായ പ്രോജക്റ്റുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ചത്. ടി പ്രോജക്റ്റുകൾ പൊതുവെ അപാകതകളില്ലാതെ നടപ്പാക്കിയിട്ടുണ്ട്.

**മോണിട്ടറിംഗിന്റെ അഭാവം**

2018-19 സാമ്പത്തികവർഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം 11/2018 ഖണ്ഡിക 13പ്രകാരം പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. പ്രസ്തുത സമിതികൾ യോഗം ചേർന്ന് മോണിട്ടറിംഗ്റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതുമാണ്. എന്നാൽ തൻവർഷം നടപ്പാക്കിയ പ്രോജക്റ്റുകൾ ഒന്നും അപ്രകാരമുള്ള മോണിറ്ററിംഗ് ചെയ്തിട്ടില്ല (മിനിട്ട്സ്, ഫയൽ പരിശോധന) ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ്കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്.

**<u>പൊതു മരാമത്ത് പ്രവൃത്തികൾ- ആസൂത്രണവും നിർവ്വഹണവും</u>**

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2018-19 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

പ്രോജക്ടുകളുടെ നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകുന്നുവെന്ന് വികസന സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പുവരുത്തേണ്ടതാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 199പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 148 എണ്ണമാണ് നടപ്പിലാക്കിയത്. 53148525രൂപ വകയിരുത്തിയതിൽ

38605043രൂപ ചെലവഴിച്ചിട്ടുണ്ട് (72ശതമാനം ചെലവ്) പ്രവൃത്തി പൂർത്തിയാക്കേണ്ട സമയം, ആവശ്യകത, പ്രവൃത്തിയുടെ മുൻഗണന എന്നിവ സംബന്ധിച്ച് കൃത്യമായ പ്ലാനിംഗില്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പൂർണ്ണമായും പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 148 പ്രവൃത്തികളിൽ 95% പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമ സഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമസഭയിലാണ്. ഗ്രാമ സഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്.

## 1-7 തൊഴിലുറപ്പുപദ്ധതി

2018-19 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 875 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 282 പ്രോജക്ടുകളിൽ 201 എണ്ണം തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 70154 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 974 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു.

ജലസേചന കനാൽ, മഴക്കുഴി നിർമ്മാണം, തോട് ആഴം കൂട്ടൽ, കയർ ഭൂവസ്ത്രം, ലൈഫ് വീടുനിർമ്മാണം, നീർത്തടവികസനപദ്ധതി എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2018-19 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കുറുപ്പന്തറ ശാഖയിലെ 67059938123 അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 20051058 | 20051058 | 20051058 | 0 |
| ഭരണച്ചെലവുകൾ | 8077 | 1095249 | 1103326 | 1094658 | 8668 |
| ആകെ | 8077 | 21146307 | 21154384 | 21145716 | 8668 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 50160 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 3364900 | 309 |
| വിധവാപെൻഷൻ | 9618400 | 813 |
| വാർദ്ധക്യകാലപെൻഷൻ | 34642300 | 2934 |
| വികലാംഗപെൻഷൻ | 3914600 | 328 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 842300 | 71 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

**മാഞ്ഞൂർ** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.07.2019 തീയതിയിൽ 2:45 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ-**20879**രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പൂർണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (ISO certification) 95%വും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിക്കുന്നത്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

<u>ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു</u>

1) സ്ഥാപനത്തിന്റെ വരുമാനവും നിയന്ത്രണ സംവിധാനവും വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവുചെലവ് കണക്ക് പരിശോധിച്ച് അംഗീകരിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയൊഴികെയുള്ള വരവിനങ്ങളുടെ കാര്യത്തിൽ ഇടപെടലോ വിലയിരുത്തലോ നടത്തുന്നില്ല. വരവിനങ്ങൾ പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്നും എല്ലാ വരവ് സ്രോതസ്സുകളും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ടോയെന്നും പരിശോധിക്കപ്പെടുന്നില്ല.

2) പദ്ധതിനിർവ്വഹണം മോണിട്ടർ ചെയ്യുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും വീഴ്ച വരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് കാര്യക്ഷമമായി നടപ്പിലാക്കാതിരുന്നതിനാൽ മിക്ക പ്രോജക്ടുകളും തൻവർഷം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

3) ഫർണ്ണിച്ചർ ഉൾപ്പെടെയുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പുതിയതായി നിർമ്മിച്ച കെട്ടിടങ്ങൾ, റോഡുകൾ എന്നിവ ചേർത്ത് ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾ വർഷാന്ത്യത്തിലും ഭൗതിക പരിശോധന നടത്തുന്നില്ല.

4) ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയക്രമം പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 214 പ്രകാരം വികസനപദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ ജനവരി 15 ന മുമ്പായി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വെയ്ക്കേണ്ടതുമാണ്. മേൽ സൂചിത നിബന്ധനകൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

5) സേവനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രോജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് കാണുന്നു.

6) നൂറ് ശതമാനം നികുതി പിരിച്ചെടുക്കണമെന്ന് കമ്മിറ്റിയിൽ നിർദ്ദേശമുണ്ടെങ്കിലും നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്തിയിട്ടില്ല.

മേൽപറഞ്ഞ പോരായ്മകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് നടപടികൾ</u>

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത

തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. മേൽ സൂചിത ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.07.2019 | 6/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.10.2018-13.11.2018 | 2017-18 | LBA(HQ)II/I/8A-138/2018-19/287 dtd.12.12.2018 |

# 1-12 വാർഷിക കണക്കുകൾ പരിശോധന

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ. (എം.എസ്) 152/11/26.07.2011നമ്പർ ഉത്തരവ് പ്രകാരം, ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല. തൻവർഷം ആർജിച്ച ആസ്തികളുടെ വിവരം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ B11 ഷെഡ്യൂൾ fixed asset ന്റെ മൂല്യം പരിശോധിക്കാനായില്ല.
2. വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിസിബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. തൊഴിൽ നികുതി, വാടക, ലേലം, ഡി&ഒ ലൈസൻസ് ഫീ എന്നിവയുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകൾ (B15, B9, RP 43, $I_3$, $I_1$ എന്നീ പത്രികകൾ) ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
4. സംയുക്ത പ്രോജക്ടിനായി ആരംഭിച്ച Treasury Special TSB അക്കൗണ്ടിലെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിലെ ടി ഇനത്തിലുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. (ഐസിഡിഎസ് കേന്ദ്രവിഹിതവും ഈ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്)
5. ക്യാപിറ്റൽ കോൺട്രിബ്യൂഷന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തൻവർഷം വിവിധ ഫണ്ടുകളിൽ നിന്നും ക്യാപ്പിറ്റലായി മാറ്റിയ തുകകളുടെ കൃത്യത വ്യക്തമല്ല.
6. ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കാത്തതിനാൽ I-17(a) ഷെഡ്യൂൾ പ്രകാരം കണക്കാക്കിയ തുകകൾ കൃത്യമാണോ എന്ന് വ്യക്തമല്ല.
7. കേരളപഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 58(4) എച്ച് പ്രകാരം തൻവർഷം കുടിശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ

രേഖപ്പെടുത്തി I-16 ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല.

8. തൻവർഷം 501568 രൂപ വിവിധ ആസ്തികൾ നിർമ്മിക്കാൻ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി B11(a) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

9. I-18 ഷെഡ്യൂളിൽ Property tax on residential buildings, Property tax on Non- residential buildings എന്നീ ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുകയുടെ ആധികാരികത വ്യക്തമല്ല.

10. 2017-18 സാമ്പത്തിക വർഷത്തെ Administrative/ Establishment ചെലവുകൾ 2018-19 വർഷം ചെലവഴിക്കുന്നതിന് 2017-18 വർഷത്തെ കണക്കിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിരുന്നില്ല.

11. സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിന് (39/19) നേരിട്ട് ചെലവഴിച്ച ഗുണഭോക്തൃ വിഹിതമായ 400000/- രൂപ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1-1 സതേൺ റയിൽവേയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തിയിട്ടില്ല

സതേൺ റയിൽവേയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

| കെട്ടിട നം | വിസ്തീർണ്ണം |
|---|---|
| 11/126 | 46m2 |
| 11/127 | 195m2 |
| 11/128 | 42m2 |
| 11/128 | 42m2 |
| 11/130 | 24m2 |

മേൽ കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തതിന്റെ കാരണമാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടമായതിനാലാണ് നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയതെന്ന് അറിയിച്ചു. എന്നാൽ റയിൽവേയുടെ കെട്ടിടങ്ങൾ കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള ഉടമസ്ഥതയിൽ അല്ലാത്തതിനാൽ നികുതി നിർണ്ണയത്തിനും ചുമത്തലിനും വിധേയമാണ്.

## 2-1-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിങ്ങളുടെ

# പരിഷ്കരിച്ച നികുതി 2013-14 വർഷം മുതൽ അടയ്ക്കുന്നതിന് ഇളവ് ചെയ്തത്

താഴെ പറയുന്നവരുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചപ്പോൾ പാർപ്പിടാവശ്യത്തിന്റെ നിരക്കിൽ (ചതുരശ്ര മീറ്ററിന് 6 രൂപ)തെറ്റായി നിർണ്ണയിക്കുകയാണ് ചെയ്തിരുന്നത്.

| ഉടമസ്ഥൻ | കെട്ടിട നം | വിസ്തീർണ്ണം |
|---|---|---|
| ജോൺ പോൾ, പൂത്തുപ്പറമ്പിൽ | 11/358 | 90.18m2 |
| M.K.സണ്ണി, സെന്റ് ജോൺസ് ചർച്ച് ഇൻഡസ്ട്രീസ് | 12/90 | 70m2 |
| സി പി പോൾ,ചാമക്കാലായിൽ | 5/359A | 32m2 |
| തോമസ് ചിറയിൽ | 3/307 | 156m2 |

പാർപ്പിടാവശ്യങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് വ്യാപരങ്ങൾക്കുള്ള ലൈസൻസ് നൽകാൻ സാധിക്കില്ല എന്ന സെക്രട്ടറിയുടെ അഭിപ്രായം പരിഗണിച്ച് ഒക്യുപെൻസി മാറ്റാനും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നികുതി 2019-20 വർഷം മുതൽ ഈടാക്കാനും 22/03/19 ലെ ധനകാര്യകമ്മിറ്റി തീരുമാനിച്ചിരുന്നു.
വാർഷികവാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിങ്ങളുടെ നികുതി നിർണ്ണയിച്ചിരുന്ന സമ്പ്രദായത്തിന് പകരം കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനായി സർക്കാർ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും) ചട്ടങ്ങളും വിവിധ ഭേദഗതി ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം എസ്) 144/15 തസ്വഭവ തീയതി 27/04/15, 385/15തസ്വഭവ തീയതി 16/12/15 എന്നിവ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി ഉപയോഗക്രമം അനുസരിച്ച് 01.04.2013 മുതൽ ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ ടി ഉത്തരവുകൾ പരിഗണിക്കാതെ ഇത്തരത്തിൽ നികുതി 2019-20 മുതൽ ഈടാക്കിയാൽ മതി എന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. തീരുമാനം പുനഃപരിശോധിക്കേണ്ടതും സർക്കാർ നിർദ്ദേശിച്ച തീയതി മുതൽ നികുതി നിർണ്ണയിക്കേണ്ടതുമാണ്.

# 2-1-3 പൂർത്തീകരണ പ്ലാനിലെ വിസ്തീർണ്ണത്തിന് അനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

1. ശ്രീ.സന്തോഷ് V M വടക്കുംകര കുറുമുള്ളൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ മുറികൾക്ക് 3/ 318A മുതൽ L വരെ നമ്പറുകൾ നൽകി ആകെ 413.3 ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ

പൂർത്തീകരണ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന് ആകെ 536.06ച.മീറ്റർ വിസ്തീർണ്ണമുള്ളതായി കാണുന്നു. ആകെ വിസ്തീർണ്ണത്തിൽ 122.7ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ചിട്ടില്ല.

2. ശ്രീ.തങ്കച്ചൻ ഇമ്മാനുവൽ കണ്ടനാട്ടിൽ കോതനല്ലൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ മുറികൾക്ക് 6/464A മുതൽ J വരെ നമ്പറുകൾ നൽകി ആകെ 411 ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന് ആകെ 814.99ച.മീറ്റർ വിസ്തീർണ്ണമുള്ളതായി കാണുന്നു. ആകെ വിസ്തീർണ്ണത്തിൽ 403.99ച.മീറ്റർ വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിച്ചിട്ടില്ല.

കൂടാതെ ടി കെട്ടിടങ്ങളുടെ നികുതി 35 രൂപ നിരക്കിലാണ് നിർണ്ണയിച്ചിട്ടുള്ളത്. $100M^2$ന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പഞ്ചായത്ത് നിർണ്ണയിച്ചിരിക്കുന്ന നികുതി നിരക്ക് 55 രൂപയാണ്.

ബാധകമായ നിരക്കിലും വിസ്തീർണ്ണമനുസരിച്ചും നികുതി നിർണ്ണയിക്കാത്തതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (25/8.8.2019) മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ആവശ്യമായ പരിശോധനകൾ നടത്തി ബാധകമായ നിരക്കിലും വിസ്തീർണ്ണത്തിനും സ്വീകരിക്കേണ്ടതും നികുതി പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

## 2-1-4 വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

വസ്തുനികുതിയിനത്തിൽ 31.03.2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | റെസിഡെൻഷ്യൽ (കറണ്ട്) | 591004 |
| 431100102 | റെസിഡെൻഷ്യൽ (അരിയർ) | 268862 |
| 431100103 | നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 423522 |
| 431100104 | നോൺ റെസിഡെൻഷ്യൽ (അരിയർ) | 447598 |
| ആകെ | | 1730986 |

വസ്തുനികുതിയിലെ കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഈ ഇനങ്ങളിലെ തുകകൾ കണക്കുകളിലെ വ്യത്യാസത്തിനു കാരണം എന്നിവ രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേക്ഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. സഞ്ചയ പ്യൂരിഫിക്കേഷൻ സമയത്ത് കണ്ടെത്തിയ കെട്ടിട നികുതി പരിഷ്കരണത്തിലുള്ള അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ

കുടിശികയാണോ എന്ന് വിലയിരുത്താനായില്ല. വസ്തുനികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നിലവിലെ വിവരം അറിയിക്കേണ്ടതാണ്.

<u>ബി എസ് എൻ. എൽ. ന്റെ വസ്തുനികുതിയിനത്തിലെ കുടിശ്ശിക</u>

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന BSNL കെട്ടിടത്തിന്റേയും 4 ടവറുകളുടെയും വസ്തുനികുതി കുടിശ്ശികയുടെ വിശദാംങ്ങൾ ചുവടെ ചേർക്കുന്നു (സഞ്ചയ പ്രകാരം)

| കെട്ടിട നം | കെട്ടിടത്തിന്റെ ഇനം | വിസ്തീർണ്ണം(ച മീ) | നികുതി കുടിശ്ശിക+ പിഴപ്പലിശ |
|---|---|---|---|
| 3/267A | ടെലിഫോൺ എക്സ്ചേഞ്ച് | 518 | 194176+85610 |
| 3/267 | മൊബൈൽ ടവർ | 14 | 39690+13230 |
| 8/551 | മൊബൈൽ ടവർ | 5 | 13508+4917 |
| 10/273 | മൊബൈൽ ടവർ | 14 | 35280+11760 |
| 14/18 | മൊബൈൽ ടവർ | 16 | 40320+13440 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിങ്ങിൽ വിഷയം അവതരിപ്പിച്ചപ്പോൾ റവന്യ റിക്കവറിക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. നടപടികളുടെ പുരോഗതി അറിയിക്കേണ്ടതാണ്.

# 2-1-5 വസ്തുനികുതി-സഞ്ചയയിൽ പ്യൂരിഫിക്കേഷൻ പുരോഗതി സംബന്ധിച്ച്

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയയിലെ പ്യൂരിഫിക്കേഷൻ പുരോഗതിയുടെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/1.08.2019) ലഭ്യമാക്കിയ മറുപടിയുടെ വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

സഞ്ചയ-സാംഖ്യ ഡി.സി.ബി കുടിശ്ശികയിൽ 48477 രൂപയുടെയും തൻവർഷം 43691 രൂപയുടെയും വ്യത്യാസം ഉണ്ട്. വസ്തുനികുതി പരിഷ്കരണസമയത്ത് സഞ്ചയയിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയപ്പോൾ കുറെ കെട്ടിടങ്ങൾ പുതിയ കെട്ടിടമായി 2013 മുതൽ രേഖപ്പെടുത്തുകയും അതേ കെട്ടിടങ്ങൾ കെട്ടിട ഉടമകൾ പഴയ നമ്പറുകളുമായി എത്തിയപ്പോൾ വീണ്ടും നമ്പർ നൽകുകയും ചെയ്തതിനാൽ ഇരട്ടിപ്പുണ്ടായിട്ടുണ്ട്. ടി കെട്ടിടങ്ങൾക്ക് ആർ ആർ നോട്ടീസ് നൽകിയപ്പോഴാണ് വിവരങ്ങൾ ബോധ്യപ്പെട്ടത്. ടി കെട്ടിടങ്ങളുടെ നികുതിയുമായി ബന്ധപ്പെട്ട വ്യത്യാസമാണ് സഞ്ചയയിലും സാംഖ്യയിലും ഉണ്ടായിട്ടുള്ളത്. സഞ്ചയയിൽ വർഷം തിരിച്ച് കെട്ടിടനികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരം ലഭ്യമല്ല. 2013-14 മുതൽ ഓഡിറ്റ വർഷം വരെ 1779 കെട്ടിടങ്ങളെ പ്യൂരിഫിക്കേഷൻ പ്രകാരം വസ്തു നികുതിയിൽ നിന്നും

ഒഴിവാക്കിയിട്ടുണ്ട്. വ്യത്യാസത്തിനുള്ള കാരണങ്ങൾ കണ്ടെത്തി ക്രമീകരിച്ച് പ്യൂരിഫിക്കേഷൻ നടപടികൾ അന്തിമമായി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-2-1 ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

1996 ലെ KPR (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ലയെന്ന് വ്യക്തമാകുന്നു.

ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷ വർഷം |
|---|---|---|
| 1. | കടുത്തുരുത്തി ബ്ലോക്ക് വനിത സഹകരണസംഘം | ഒന്നാം അർദ്ധവർഷം |
| 2. | വൈക്കം താലൂക്ക് ജനറൽ മാർക്കറ്റിംഗ് & പ്രോസസ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം, കെ.1084 | " |
| 3. | ഐശ്വര്യ ഫിനാൻസ് | 1,2 അർദ്ധവർഷം |
| 4. | കൊച്ചുപുരക്കൽ ഫിനാൻസ് | 1,2 " |
| 5. | കളപ്പുരക്കൽ ഫിനാൻസ് | 1,2 " |

സ്ഥാപനതൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | ഡിവൈൻ ഹോസ്പിറ്റൽ, കുറുപ്പന്തറ | 1,2 അർദ്ധവർഷം |
| 4 | വി.കെ.ജി, വിജയ പാർക്ക് ഹോട്ടൽ | 1,2 |
| 5 | ധന്യാ സോമിൽസ് | 1,2 |
| 6 | കണ്ണാട്ട് ഫിനാൻസ് | 1,2 |
| 7 | സെൻറ് സേവ്യേഴ്സ് ഹോസ്പിറ്റൽ, കുറുപ്പന്തറ | 1,2 |
| 8 | ഐശ്വര്യ ഫിനാൻസ് | 1,2 |
| 9 | കൊച്ചുപുരക്കൽ ഫിനാൻസ് | 1,2 |
| 10 | കളപ്പുരക്കൽ ഫിനാൻസ് | 1,2 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2-2 കരാറുകാർ, റേഷൻ വ്യാപാരികൾ, കള്ളുഷാപ്പുടമകൾ തൊഴിൽ നികുതി അടക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് തൊഴിൽക്കരം നികുതി നിയമം 204 (ii) അനുശാസിക്കുന്നത് അറുപതുദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവെ സ്വകാര്യമായോ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽക്കരം നികുതി ചുമത്തേണ്ടതാകുന്നു എന്നാണ്. എന്നാൽ 2018-19 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ നിന്നും പരിശോധനക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന **റേഷൻ വ്യാപാരികളും, കള്ളുഷാപ്പുടമകളും, കരാറുകാരും** തൊഴിൽക്കരം അടച്ചതായി കാണുന്നില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് - ഡി &ഒ ലൈസൻസ് ചട്ടങ്ങൾക്ക് 30.10.2017- ലെ ജി.ഒ.(പി) 80/17/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് ആധാരമാക്കിയാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് കാണുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ ഏതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. എന്നാൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടുള്ളതായി രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നില്ല. ഇത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഡി&ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ 2018-19 വർഷം നിരവധി സംരംഭങ്ങൾ ലൈസൻസ് ഫീസ് എടുക്കാതെ പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടു. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് ആവശ്യമായ ഉടമയുടെ പേരും മേൽവിലാസവും | സംരംഭം |
|---|---|---|
| 1 | ജിജി ലൂക്കോസ്, തടത്തിൽ, ഇരവിമംഗലം | സൂപ്പർമാർക്കറ്റ് |
| 2 | ഡയറക്ടർ, ശാന്തിതീരം ഹോസ്പിറ്റൽ | ശാന്തിതീരം ഹോസ്പിറ്റൽ |
| 3 | സാന്റി ബേബി, കളരിപ്പറമ്പിൽ മാഞ്ഞൂർ പി.ഒ. | അയലീന ബ്യൂട്ടി പാർലർ |

| | | |
|---|---|---|
| 4 | ജാൻസ് പോൾ, പൂത്തേത്തുപറമ്പിൽ | എക്സ്പോർട്ട് & ഇംപോർട്ട് പ്രോഡക്ട്സ് |
| 5 | സിബി എ.ജി., മാളിയേക്കൽ, ചാമക്കാല പി.ഒ. | ഫർണിച്ചർ ഷോപ്പ് |
| 6 | മിനി ജോസ്, കളരിക്കൽ, മാഞ്ഞൂർ പി.ഒ | കമ്പ്യൂട്ടർ സെന്റർ |

ടി വ്യക്തികളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണപെർമിറ്റ് ചട്ടപ്രകാരമുള്ള സമയ പരിധി പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം കെട്ടിട പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ അംഗീകരിച്ചതോ നിരസിച്ചതോ ആയ വിവരം സെക്രട്ടറി കക്ഷികളെ അറിയിക്കേണ്ടതാണ്. എന്നാൽ സങ്കേതം സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകളിലും നിശ്ചിത സമയപരിധി ലംഘിക്കുന്നതായി കാണുന്നു. 2018-19 വർഷം കൈകാര്യം ചെയ്ത പെർമിറ്റ് ഫയലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ അപേക്ഷകൾ | സൈറ്റ് വേരിഫിക്കേഷൻ നടത്തിയത് | പെർമിറ്റ് നൽകിയത് | പെൻഡിംഗ് ഫയലുകൾ | തിരുത്തലുകൾക്കായി മടക്കിയത് | നിരാകരിച്ചത് |
|---|---|---|---|---|---|
| 270 | 262 | 251 | 17 | 2 | |

2015 ൽ ലഭിച്ച അപേക്ഷകൾ പെൻഡിംഗായി രേഖപ്പെടുത്തിയിട്ടുണ്ട്. 2018-19 ലെ തീർപ്പാക്കാനുള്ള ഫയലുകളുടെ ഉദാഹരണം ചുവടെ ചേർക്കുന്നു. (മുൻ വർഷം ലഭിച്ച അപേക്ഷകൾ ഉൾപ്പെടെ)

| ക്രമ നം. | അപേക്ഷയുടെ വിവരങ്ങൾ | സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയ തിയതി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | A1/4878/2015 [87422] dt: 24/08/2015 | A1/4878/2015 [87422] dt: 05/04/2018 | A1/4878/2015 [87422] dt: 05/04/2018 നടപടി-സെക്ഷനിൽ |
| 2 | A1/6503/2015 [106606] dt: 29/11/2015 | A1/6503/2015 [106606] dt: 05/04/2018 | A1/6503/2015 [106606] dt: 05/04/2018 നടപടി-സെക്ഷനിൽ |
| 3 | A1/1527/2017 [224842] dt: 08/03/2017 | ------- | A1/1527/2017 [224842] dt: 28/07/2018 നടപടി-ഓവർസീയറുടെ പക്കൽ |
| | | | |

| | | | |
|---|---|---|---|
| 4 | A1/5897/2017 [297861] dt: 04/10/2017 | A1/5897/2017 [297861] dt: 27/07/2018 | A1/5897/2017 [297861] dt: 27/07/2018 നടപടി-ഓവർസീയറുടെ പക്കൽ |
| 5 | A1/1992/2018 [505079] dt: 31/03/2018 | A1/1992/2018 [505079] dt: 27/04/2018 | A1/1992/2018 [505079] dt: 27/04/2018 നടപടി-എ ഇ യുടെ പക്കൽ |
| 6 | A1/1768/2018 [516087] dt: 16/03/2018 | A1/1768/2018 [516087] dt: 20/04/2018 | A1/1768/2018 [516087] dt: 20/04/2018 നടപടി-എ ഇ യുടെ പക്കൽ |
| 7 | A1/812/2019 [893687] dt: 14/03/2019 | | A1/812/2019 [893687] dt: 14/03/2019 നടപടി-സെക്ഷനിൽ |

ഫയലുകൾ നിയമാനുസൃത കാലപരിധിക്കുള്ളിൽ തീർപ്പാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് ആർ ഡി ഒ, റെയിൽവേ എൻ.ഒ.സി. ഫയർ എൻ.ഒ.സി. എന്നിവ ലഭിക്കേണ്ട അപേക്ഷകളിൽ മാത്രമാണ് സമയപരിധി ലംഘിക്കപ്പെടുന്നുള്ളു എന്ന് അറിയിച്ചു. എന്നാൽ സോഫ്റ്റ്‌വെയർ പ്രകാരം 17 ഫയലുകൾ തീർപ്പാക്കാനുള്ളതായി കാണുന്നു. സമയപരിധി പാലിച്ച് പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കേണ്ടതാണ്.

## 2-5-1 ഇ-ടെൻഡർ-ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. 2018-19 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് ജി.എസ്.ടി ഉൾപ്പെടെ | ആകെ ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1 | 183/19 | അംബേദ്കർ കോളനി-മാത്തിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് | 6 | 2,159 | 12,954 |
| 2 | 197/19 | കോടികുളം-ആലപ്പുറം-മാത്തുകണ്ടം | 4 | 1,348 | 5,392 |

| | | | | | |
|---|---|---|---|---|---|
| | | റോഡ് ടാറിംഗ് | | | |
| 3 | 135/19 | ഇലവുംതടം-കരണത്തു പറയറുകുഴി റോഡ് കോൺക്രീറ്റിംഗ് | 6 | 1,680 | 10,080 |
| 4 | 31/19 | കാഞ്ഞിരത്തുപടി-മാത്തുകണ്ടം റോഡ് റീ ടാറിംഗ് & കോൺക്രീറ്റിംഗ് | 4 | 1,250 | 5,000 |
| 5 | 102/19 | ഇലവത്തിൽ-ഇഞ്ചിക്കാലാമുക്ക് റോഡ് കോൺക്രീറ്റിംഗ് | 6 | 1,579 | 9,474 |
| 6 | 78/19 | മാൻവെട്ടം-ഞാറക്കാട്ടിൽ റോഡ് കോൺക്രീറ്റിംഗ് | 8 | 1,255 | 1,040 |
| 7 | 95/19 | ശ്രീകണ്ഠേശ്വരം കനാൽ റോഡ് കോൺക്രീറ്റിംഗ് | 7 | 5,600 | 39,200 |
| 8 | 130/19 | സെന്റ് ജോസഫ് കോൺവെന്റ്-ചാറവേലി റോഡ് ടാറിംഗ് | 4 | 1,456 | 5,824 |
| 9 | 70/19 | തെക്കേവീട്ടിൽതാഴെ-വട്ടുകുളം റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ് | 4 | 1,205 | 4,820 |
| 10 | 144/19 | കുറുപ്പൻതറ കടവ്-പുഞ്ചക്കാട്ടിൽ റോഡ് കോൺക്രീറ്റിംഗ് & സൈഡ് പ്രൊട്ടക്ഷൻ | 2 | 1,245 | 2,490 |
| 11 | 27/19 | ഹോസ്പിറ്റൽ ജംഗ്ഷൻ-ചെള്ളാംപള്ളി റോഡ് ടാറിംഗ് | 3 | 1,859 | 5,577 |
| 12 | 26/19 | സെന്റർ ലൈബ്രറി-കാക്കശ്ശേരി റോഡ് റീ-ടാറിംഗ് | 1 | 1,232 | 1,232 |
| 13 | 29/19 | കുറുപ്പന്തറകടവ്-ഗവ.ഹോസ്പിറ്റൽ റോഡ് ടാറിംഗ് | 5 | 1,959 | 9,795 |
| 14 | 92/19 | ഉടുമ്പാട്ട്-ഉണ്ടത്തിൽപടി റോഡ് കോൺക്രീറ്റിംഗ് | 8 | 2,163 | 17,304 |
| 15 | 113/19 | കാഞ്ഞിരത്താനം-കുരിശുപള്ളി-ഓമല്ലൂർ റോഡ് കോൺക്രീറ്റിംഗ് | 7 | 1,167 | 8,169 |
| 16 | 111/19 | കാഞ്ഞിരത്താനം-തട്ടം റോഡ് കോൺക്രീറ്റിംഗ് | 9 | 1,287 | 11,583 |
| ആകെ | | | | | 149934 |

<u>ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല</u>

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഈരീതിയിൽ അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ1) അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക (മുൻ വർഷങ്ങളിലുൾപ്പെടെയുള്ളത്) ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5-2 ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഈരീതിയിൽ അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ1) അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക (മുൻ വർഷങ്ങളിലുൾപ്പെടെയുള്ളത്) ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം വിഹിതം കുറവായി അടയ്ക്കുന്നു

ഗ്രാമ പഞ്ചായത്തിലെ ശ്രീമതി ഷൈനി സി.ആർ എന്ന ജീവനക്കാരിയുടെ ശമ്പളത്തിൽ നിന്ന് (ശമ്പള നിരക്ക് 17000-37500) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വരിസംഖ്യയിനത്തിൽ കുറവ് ചെയ്യുന്നത് പ്രതിമാസം 300 രൂപയാണ്. എന്നാൽ ജി.ഓ (പി) നം 112/2016/ ഫിൻ തീയതി 01.08.16 പ്രകാരം 01.09.2016 തീയതി മുതൽ 17000-37500 ശമ്പള നിരക്കിലുള്ള ജീവനക്കാരിൽ നിന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വരിസംഖ്യയിനത്തിൽ കുറവ് ചെയ്യേണ്ടത് 400 രൂപയാണ്. ആയതിനാൽ 2018-19 സാമ്പത്തിക വർഷം 800 രൂപ (8x100=800. ടിയാൾക്ക് 19-12-2018 ൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റം ലഭിച്ചു) കുറവായാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഒടുക്കിയിരിക്കുന്നത്. ശ്രീമതി ഷൈനി സി.ആർ ൽ നിന്ന് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വിഹിതം കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/08.08.19) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായി ഒടുക്കിയ തുക പ്രസ്തുത ജീവനക്കാരിയിൽ നിന്ന് ഈടാക്കി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അടവാക്കേണ്ടതും ആയതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതുമാണ്

## 3-2 തൊഴിലില്ലായ്മ വേതനം - അനർഹർക്ക് നൽകിയിരിക്കുന്നു

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന 18 വയസ്സിനും 35 വയസ്സിനും ഇടയിലുള്ള നിർദ്ധനരായ തൊഴിൽരഹിതരായ യുവതീയുവാക്കളിൽ നിന്ന് അർഹരായവരെ കണ്ടെത്തി പ്രതിമാസം 120 രൂപ വീതം ധന സഹായം നൽകുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് തൊഴിലില്ലായ്മ വേതനം പദ്ധതി. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ തൊഴിൽ രഹിത വേതനം സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ നിന്ന് ശ്രീമതി ജൈനമ്മ തോമസ് വട്ടത്തുണ്ടത്തിൽ (ജനന തീയതി 21.05.1980) എന്ന വ്യക്തിക്ക് 2009 നവംബർ മാസം മുതൽ 2016 ഫെബ്രുവരി മാസം വരെയുള്ള തൊഴിലില്ലായ്മ വേതനം (പ്രതിമാസം 120 രൂപ വീതം) നൽകിയിട്ടുള്ളതായി കാണുന്നു. തൊഴിലില്ലായ്മ വേതനം പദ്ധതി പ്രകാരം 35 വയസ്സ് പൂർത്തിയായവർക്ക് ധനസഹായം നൽകാൻ സാധിക്കില്ലെന്നിരിക്കെ 21.05.2015 തീയതിയിൽ 35 വയസ്സ് പൂർത്തിയായ ശ്രീമതി ജൈനമ്മ തോമസിന് 2015 ജൂലൈ മുതൽ 2016 ഫെബ്രുവരി വരെയുള്ള മാസങ്ങളിലെ തൊഴിലില്ലായ്മ വേതനം (120*8=1080 രൂപ) നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1080 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അനർഹമായി വിതരണം ചെയ്ത 1080 രൂപ ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല - വൈദ്യുതി ചാർജിനത്തിൽ അധിക ചെലവുണ്ടാകുന്നു

ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2018-19 സാമ്പത്തിക വർഷം 1873972 രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച ഡിമാന്റ് പ്രകാരമാണ് ഒടുക്കിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുകയോ കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. മീറ്ററേതര ചാർജിനത്തിൽപ്പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ ഉപയോഗത്തിനനുസരിച്ച് മാത്രം തുക നല്കിയാൽ മതിയാകും.

എൽ.റ്റി 8(എ), എൽ.റ്റി 8 (ബി) പ്രകാരം തുക ഇൗടാക്കുമ്പോൾ ചുവടെ പറയുന്ന വ്യത്യാസമുണ്ടാകുന്നു.

| എൽ.റ്റി 8 (എ) | എൽ.റ്റി 8 (ബി) |
|---|---|
| 12 മണിക്കൂർ ഉപയോഗിച്ചില്ലെങ്കിലും തുക ഒടുക്കേണ്ടി വരുന്നു | ഉപയോഗത്തിനനുസരിച്ച് മാത്രമേ ചാർജ്ജ് ഈടാക്കൂ. |
| ഉപകരണങ്ങൾ പ്രവർത്തന രഹിതമായാലും തുക ഒടുക്കേണ്ടിവരുന്നു | പ്രവർത്തിക്കുന്നവയ്ക്കു മാത്രമേ ചാർജ്ജ് ഈടാക്കൂ |
| അറ്റകുറ്റപ്പണിയോ മറ്റേതെങ്കിലും കാരണത്താലോ വൈദ്യുതി ബന്ധം തകരാറിലായാലോ പോലും ചാർജ്ജ് ഒടുക്കേണ്ടിവരുന്നു | ഉപയോഗത്തിൽ കുറവ് വരുന്നതിനാൽ ചാർജ്ജ് ഇടാക്കുന്നില്ല. |

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയോ ആയതിനു വേണ്ടി തുക ഡെപ്പോസിററ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 30/09.08.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. വൈദ്യുത ചാർജ്ജ് ഇനത്തിലെ അനാവശ്യ ചെലവുകൾ ഒഴിവാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് ചാർജ്ജ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-4 ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | വൗച്ചറിന്റെ വിശദാംശങ്ങൾ | തുക (രൂപ) |
|---|---|---|---|
| 1 | പി.എച്ച്.സി ആംബുലൻസ് ഇൻഷുറൻസ് അടവാക്കിയത് | വൗച്ചർ നമ്പർ 21800491 തീയതി 16.08.18 തുക- 7649 | 7649 |
| 2 | ലൈബ്രറി സെസ് അടവാക്കിയത് | വൗച്ചർ നമ്പർ 21801126 തീയതി 31.12.18 തുക 454973 | 454973 |
| ആകെ | | | 462622 |

പ്രസ്തുത ചെലവുകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/08.08.2019) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 462622 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത ചെലവുകളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 3-5 പകൽവീട്, വയോജനകേന്ദ്രം എന്നിവയുടെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

മുൻ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നിർമ്മിച്ച പകൽ വീട് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനുമായി ഓഡിറ്റുവർഷം 277510രൂപ ചെലവഴിച്ചിട്ടുണ്ട്. പകൽവീട് 2019 ജൂലൈയിൽ ഉദ്ഘാടനം ചെയ്തതായും പ്രവർത്തനമാരംഭിച്ചതായും 07.08.2019 ന് നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ പകൽവീടിനായി വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തനസജ്ജമാക്കിയിട്ടില്ല.
പകൽ വീടിന്റെ തൊട്ടടുത്തുതന്നെ ജില്ലാപഞ്ചായത്ത് ഫണ്ടുപയോഗിച്ച് വയോജനകേന്ദ്രവും നിർമ്മിച്ചിട്ടുണ്ട്. വയോജനകേന്ദ്രം പണിപൂർത്തിയാക്കിയിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആസ്തിരജിസ്റ്റർ കാലികമാക്കാത്തതിനാൽ പ്രസ്തുത കെട്ടിടങ്ങൾ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിനും വ്യക്തതയില്ല. പ്രസ്തുത കെട്ടിടങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിന് ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 പ്ലാൻ ഫണ്ട് തുക മുൻകൂർ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം 4/ 19

ആശ്രയ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 275000 രൂപയും തനതുഫണ്ടിൽ നിന്നും 125000 പിൻവലിച്ച് (ബിൽ നം)കുടുംബശ്രീയുടെ കേരള ഗ്രാമീൺ ബാങ്കിലെ 40562101026546 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. ചെലവ് ശതമാനം ഉയർത്തി കാണിക്കുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും അവസാനിച്ചപ്പോൾ അക്കൗണ്ടിൽ പ്ലാൻ ഫണ്ടുൾപ്പെടെയുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31.03.2019 ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | പലിശ |
|---|---|---|---|
| ഒന്നാം ഘട്ടം | 150413 | 253000 | 546062 |
| | | | |

| | | | |
|---|---|---|---|
| രണ്ടാംഘട്ടം | 183056 | 550000 | 73245 |
| ആകെ | 333469 | 803000 | 619307 |

ഒന്നും രണ്ടും ഘട്ടങ്ങൾ അവസാനിക്കുമ്പോൾ പ്ലാൻ ഫണ്ടിൽ മാത്രം 803000 (പലിശ ഒഴികെ) രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക ചെലവഴിക്കാത്തതിനും വികസനഫണ്ട് മുൻകൂർ പിൻവലിച്ച് Nationalised Bank ൽ നിക്ഷേപിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് റിക്വിസിഷന് (2) ഗുണഭോക്താക്കൾ തുക വിനിയോഗിക്കുന്നതിൽ കാലതാമസം വരുത്തിയതിനാലാണ് തുക വിനിയോഗിക്കാത്തതെന്നുള്ള മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. സമൂഹത്തിൽ അവശതയനുഭവിക്കുന്നവരുടെ ഉന്നമനത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്. പ്ലാൻ ഫണ്ട് തുക മുൻകൂർ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. 2018-19 വർഷം ആശ്രയ അക്കൗണ്ടിലേക്ക് മാറ്റി നൽകിയ 4ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. നിലവിൽ അവശേഷിക്കുന്ന തുക സർക്കാർ നിർദ്ദേശാനുസരണം അഗതിരഹിത കേരളം പദ്ധതിയ്ക്കായി ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങളും തുടർനടപടികളും സ്വീകരിക്കേണ്ടതാണ്.

# 3-7 അങ്കണവാടികൾ-വർക്കർമാർക്കും ഹെൽപ്പർമാർക്കും അധികവേതനം - ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം - | 314/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവഴിച്ച തുക (ബിൽ നം തീയതി) | 6,57,000 (ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് |

ധനകാര്യവകുപ്പിന്റെ 25.7.18 ലെ സ.ഉ(സാധാ) നം.6345/2018 പ്രകാരം അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും 2018-19 വർഷത്തെ അധിക വേതനം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതുപ്രകാരം 6,57,000 രൂപ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട അറ്റന്റൻസ് രേഖകളും ബ്ലോക്ക് സി.ഡി.പി.ഒയുടെ റിപ്പോർട്ടും പരിശോധിച്ച് ആവശ്യമായ തുക മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതെന്ന് പഞ്ചായത്ത് തലത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.

# 3-8 കൃഷിഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

I.ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

| ക്രമ | പ്രോജക്ട് നം, | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|

| നം | പ്രോജക്ടിന്റെ പേര് | | | |
|---|---|---|---|---|
| 1 | 39/19 സമഗ്ര തെങ്ങുകൃഷി വികസനം | 200000 (വികസനഫണ്ട്) 200000 (തനത്ഫണ്ട്) 400000 (മറ്റുള്ളവ) ------------ ആകെ 800000 | 200000 (വികസനഫണ്ട്) 115800 (തനത്ഫണ്ട്) ആകെ-315800 | ബിൽ നം-574897/28.09.18 100000 (ചെക്ക് നം-599354/05.11.18) 15800 (ചെക്ക് നം-599974/04.02.19) |
| 2 | 40/19 വാഴകൃഷി വികസനം | 150000 (വികസനഫണ്ട്) 200000 (മറ്റുള്ളവ) ------------ ആകെ 400000 | 150000 (വികസനഫണ്ട്) | ബിൽ നം-574882/28.09.18 |

മേൽ രണ്ടു പ്രോജക്ടുകൾ പ്രകാരം കർഷകർ സംഘമൈത്രിയിൽ നിന്നും വളംവാങ്ങിയതിന് സബ്സിഡി തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു

1. സമഗ്ര തെങ്ങുകൃഷി വികസനം എന്ന പ്രോജക്ടിന് വികസനഫണ്ടിൽ നിന്നും 200000രൂപയും തനത്ഫണ്ടിൽ നിന്നും 115800 രൂപയും ചെലവഴിച്ചിട്ടുണ്ട്. 221 ഗുണഭോക്താക്കൾ സംഘമൈത്രിയിൽ നിന്ന് വളം വാങ്ങിയതിന് സബ്സിഡി തുകയായ 200000 രൂപ സംഘമൈത്രിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നുള്ള ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. വാഴകൃഷി വികസനം എന്ന പ്രോജക്ടിൽ 158 പേർ വളം വാങ്ങിയതിന് 150000 രൂപയും സംഘമൈത്രിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ, ചെറുകിട നാമമാത്ര കർഷകരാണെന്നതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. അപേക്ഷകൾ ലഭ്യമാക്കാത്തതിനാൽ ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവർക്ക് തന്നെയാണോ ആനുകൂല്യം ലഭിച്ചത് എന്ന് പരിശോധിക്കാനായില്ല.
2. ജി ഒ എംഎസ് 22/2018 പ്രകാരം ചെറുകിടനാമമാത്ര കർഷകർക്കാണ് വളത്തിനുള്ള സബ്സിഡി അനുവദിക്കാവുന്നത്. പ്രോജക്ടുകൾ പ്രകാരം ആനുകൂല്യം ലഭിച്ചവർ ചെറുകിട നാമമാത്ര കർഷകരാണെന്നതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടുകൾക്ക് ചെലവഴിച്ച 455800/- രൂപ തടസ്സപ്പെടുത്തുന്നു

IIവിതരണ വിവരം ലഭ്യമല്ല -തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 43/19 നെൽവിത്ത് വിതരണം |
| അടങ്കൽ | 996973(വികസനഫണ്ട്) |

| | |
|---|---|
| | 8000(തനത്ഫണ്ട്)<br>-------<br>1004973 |
| ചെലവ് | 996973<br>996973(വികസനഫണ്ട്)<br>8000(തനത്ഫണ്ട്)<br>-------<br>1004973 |
| ബിൽ നം | ബിൽ നം-574891/28.09.18 തുക82800<br>ബിൽ നം-7442/29.12.18 തുക914173<br>ചെക്ക് നം599975/14.02.19 തുക 8000 |

മേൽ പ്രോജക്റ്റ് പ്രകാരം വികസനഫണ്ട് വിഹിതമായ 996973 രൂപ ഉപയോഗിച്ച് കേരള സീഡ് ഡെവലപ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് സീഡ് ഫാം കോഴ, നാഷണൽ സീഡ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുമായി 24987kg നെൽവിത്ത് വാങ്ങിയിട്ടുണ്ട്. വിത്തിന്റെ വിതരണവിവരം ലഭ്യമല്ല. കൂടാതെ തനത് ഫണ്ടിൽ നിന്നുള്ള 8000/- രൂപയുടെ ചെലവ് വിവരങ്ങളും ലഭ്യമാക്കിയില്ല. വിശദാംശംങ്ങൾ ലഭ്യമാക്കാത്തതിനാൽ പ്രോജക്ടിന് ചെലവഴിച്ച 1004973/- രൂപ തടസ്സപ്പെടുത്തുന്നു

ഇത് സംബന്ധിച്ച നൽകിയ അന്വേഷണക്കുറിപ്പിന് (നം. 9/2.8.2019) മറുപടി ലഭ്യമാക്കിയില്ല.

# 3-9 ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകൾ വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പ്രേജക്റ്റ് നം./ പ്രോജക്റ്റിന്റെ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവഴിച്ച തുക ബിൽ നം. | തടസ്സപ്പെടുത്തിയതിന കാരണം |
|---|---|---|---|---|
| 1 | 14/19 – ആയുർവേദ ആശുപത്രി മരുന്ന് വാങ്ങൽ | ആയുർവേദ ഡോക്ടർ | 10829/- (ബിൽ നം. 1/18-19 26.9.2018 ആകെ തുക 350000) | 10829 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല |
| 2 | 52/19 പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ പിഎച്ച് സി | 11476/- (9/18-19 21.01.2019 ആകെ തുക 195722) | 11476/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല |
| 3 | 44/19 പാലിയേറ്റീവ് | മെഡിക്കൽ ഓഫീസർ | 59579/- | 59579 രൂപയുടെ |

| | | | | |
|---|---|---|---|---|
| | കെയർ മരുന്ന് വാങ്ങൽ | പിഎച്ച് സി | (15/18-19 22.03.2019) | മരുന്ന് ലഭ്യമാക്കിയിട്ടില്ല |
| 4 | 45/19 കന്നുകുട്ടി പരിപാലനം | വെറ്ററിനറി സർജൻ | 450000(6/18-19 31.12.2018) | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല |
| 5 | 19/19 വിവിധ അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ | ഐസിഡിഎസ് സൂപ്പർവൈസർ | 90000(ബിൽ നം. 4/18-19 6/18-19) | ചെലവിന്റെ വിവരങ്ങൾ KWA യിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല |
| 6 | 21/19 എസ്എസ്എ വിഹിതം നൽകൽ | ഹെഡ്മാസ്റ്റർ, ഗവ.എൽപി സ്കൂൾ | 100000 (ബിൽ നം 224085/- 16.6.2018) | വിനിയോഗവിവരം ലഭ്യമല്ല |

# 3-10 ക്ഷീര സംഘങ്ങളിലൂടെ സംഭരിക്കുന്ന പാലിന് സബ്സിഡി - അപാകതകൾ

**1.** പ്രോജക്റ്റ് നം.- S037/19

പ്രോജക്റ്റിന്റെ പേര് - ക്ഷീരസംഘങ്ങളിലൂടെ സംഭരിക്കുന്ന പാലിന് സബ്സിഡി (ജനറൽ)

അടങ്കൽ -- 1,50,000/- (പൊതുവിഭാഗം), ബ്ലോക്ക് വിഹിതം -(500000/-)

ചെലവ് - 1,50,000/-

ബ്ലോക്ക് വിഹിതം - അടങ്കൽ-(500000/-)

ചെലവ് - 400000/-

**2.**പ്രോജക്റ്റ് നം. - S054/19

പ്രോജക്റ്റിന്റെ പേര് - ക്ഷീരസംഘങ്ങളിലൂടെ സംഭരിക്കുന്ന പാലിന് സബ്സിഡി

(വനിത)

അടങ്കൽ - 100000/-(പൊതുവിഭാഗം)

ചെലവ് - 100000/-

ബ്ലോക്ക് വിഹിതം - അടങ്കൽ-(500000/-)

ചെലവ് - 500000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി എക്സ്റ്റൻഷൻ ഓഫീസർ

മേൽ പ്രോജക്റ്റുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സബ്സിഡി നൽകിയ ചില ഗുണഭോക്താക്കൾ (ജനറൽ, വനിത) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഫയൽ

പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഏതാനും പേരുടെ പേരുകൾ താഴെ ചേർക്കുന്നു.

**ജനറൽ**

1. ജോൺ. സി.വി. വലിയവീട്ടിൽ

2. ജോളി ജോസഫ്, കുർകാറ്റോറം

3. ജോയി ജോസഫ്,കുന്നത്ത്

4. ജോസഫ്.പി.വി, പറത്തുണ്ടത്തിൽ

5. സണ്ണി ജോൺ, തുരുത്തികാട്ടിൽ

6. സിബി സെബാസ്റ്റ്യൻ, ചിറത്തലക്കൽ

7. ബേബി ഞാറുകുളം

8.റോബി ജോസഫ്, തെക്കേവീട്ടിൽ

**വനിത**

1.രാജമ്മ ഗോപാലൻ പാണ്ഡവത്ത്

2.അന്നമ്മ മരങ്ങാട്ടിൽ

3.രമണി, വലിയവീട്ടിൽ

4.പൊന്നമ്മ, വെളുത്തേടത്ത്

5.റാണി ജോസഫ്,മണ്ടപത്തിൽ

6.സുശീല സുകുമാരൻ, താന്നിക്കുഴിയിൽ

7.അമ്മിണി മണിയൻ, കളപ്പുറത്തറ

8.ബിന്ദു റെജി,വേലുകരോട്ട്

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (13/6.8.2019) മറുപടിയായി ഗുണഭോക്തൃലിസ്റ്റിൽ വിട്ടുപോയ ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ അടുത്ത ഗ്രാമസഭാ യോഗത്തിൽ അംഗീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് സബ്സിഡി നൽകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-11 ജി എസ് റ്റി ഉറവിടത്തിൽ കുറവ് ചെയ്യണമെന്ന നിർദ്ദേശം പാലിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഫർണിഷിംഗ് എന്ന പ്രോജക്ട് മീനച്ചിൽ റബർവുഡ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനയാണ് നിർവ്വഹിച്ചത്.

പ്രവൃത്തിയുടെ ഭാഗമായി വിവിധ ഫർണീച്ചറുകൾ നൽകിയതിന് സ്ഥാപനം രണ്ട് ഇൻവോയിസുകൾ സമർപ്പിച്ചിരുന്നു

| ഇൻവോയിസ് നം | തുക |
|---|---|
| C187 തീയതി 14/01/2019 | 457946 |
| C188 തീയതി 14/01/2019 | 841416 |

CBEC സർക്കുലർ 65/39/2018-DOR തീയതി 14/09/2018 ർ പ്രകാരം 1/10/2018 മുതൽ ഒറ്റ കോൺട്രാക്റ്റിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുമ്പോൾ 2% ജി എസ് റ്റി സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശം പാലിക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകി. സ്ഥാപനം കേന്ദ്ര സംസ്ഥാന വിഹിതം അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 3-12 ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതു സംബന്ധിച്ച്

ഓഡിറ്റുവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി തനത്ഫണ്ടിൽ നിന്നും 9,000രൂപ ചെലവഴിച്ച് ബാലസഭ കുട്ടികൾക്ക് ബോധവൽക്കരണക്യാമ്പ് നടത്തിയിട്ടുണ്ട് (പ്രോജക്ട് നം-59/2019)

മേൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

1. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിന്റെ വിശദാംശങ്ങൾ

2. പരിശീലനത്തിന്റെ ഹാജർ രേഖകൾ.

3. ബോധവൽക്കരണക്യാമ്പ് നടത്തിയതിയതിന്റെ വിശദാംശങ്ങൾ

കൂടാതെ ബാലസഭ പ്രവർത്തനവുമായി ബന്ധപ്പെട്ട കലണ്ടർ (നം-3266/k/2018/KSHO തീയതി 28.03.2018 സർക്കുലർ പ്രകാരം) തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

കുടുംബശ്രീയുമായി ചേർന്ന് ബാല പാർലമെന്റ്, ബാല ലൈബ്രറി, ബാല കൃഷി, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം എന്നിവ കൂടി സംഘടിപ്പിച്ച് ബാലസഭ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

# 3-13 ഓഡിറ്റ് വേളയിൽ തീർപ്പാക്കിയ അപാകങ്ങൾ

1. **2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ ചുവടെ സൂചിപ്പിക്കുന്ന ഓഡിറ്റ്**

**അന്വേഷണക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ 20050/- രൂപ ഗ്രാമപഞ്ചായത്തിന്റെ റവന്യൂവിലേക്ക് ഈടാക്കി വരവ് ചേർത്തിട്ടുണ്ട്.**

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ/ തീയതി 12/06.08.2019

## ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽനികുതി

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ തൊഴിൽ നികുതി ഒന്നും രണ്ടും അർദ്ധവർഷം | സ്ഥാപനതൊഴിൽ നികുതി ഒന്നും രണ്ടും അർദ്ധവർഷം |
|---|---|---|---|
| 1. | ക്ഷീരവ്യവസായ സഹകരണ സംഘം, മാഞ്ഞൂർ | 16550/- രസീത് നം.തീ 119010102655/ 08.08.2019 | 2500/-രസീത് നം.തീ. 119010102654/ 08.08.2019 |
| | | ആകെ | 19050/ |

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ/ തീയതി-7/2-08.2019

**തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

| സ്ഥാപനം | ജീവനക്കാരന്റെ പേര് | രസീത് നം.ഒടുക്കിയ തുക/ തീയതി |
|---|---|---|
| മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | രജനി.പി.ആർ, ക്ലർക്ക് | 119010102614/ 06.08.2019 250/- |
| | ജോർജ്ജ്.പി.സി. ക്ലർക്ക് | 119010102351/8.8.19/ 250/- |
| | ആകെ | 500/- |

**2.എൻപിഎസ് വിഹിതം സർക്കാരിലേയ്ക്ക് അടവാക്കി**

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 10% ശമ്പളത്തിൽ നിന്നും ഈടാക്കി പ്രസ്തുത തുകയും പഞ്ചായത്ത് വിഹിതമായ 10% തുകയും ചേർത്ത് ജീവനക്കാരുടെ എൻപിഎസ് അക്കൗണ്ടിൽ വീഴ്ച കൂടാതെ അടവാക്കേണ്ടതാണ്. ജി.ഓ.(പി) 7/2016/ഫിൻ തീയതി 20.03.18, ജി.ഓ.(പി) 50/2018/ ഫിൻ തീയതി 26.03.18, ജി.ഓ.(പി) 146/2018/ഫിൻ തീയതി 16.09.18 എന്നിവ പ്രകാരം മൂന്നാമത്തെയും നാലാമത്തെയും ശമ്പള പരിഷ്കരണ കുടിശ്ശിക തുക ലഭിച്ചപ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ശ്രീമതി അലിന്റ എബ്രാഹം, ക്ലർക്ക് എന്ന ജീവനക്കാരിക്ക് ലഭിച്ച തുകയും അടവാക്കേണ്ടിയിരുന്ന എൻപിഎസ് വിഹിതവും താഴെ കൊടുക്കുന്നു.

| ജീവനക്കാരുടെ | ലഭിച്ച | ജീവനക്കാരിൽ നിന്നും | പഞ്ചായത്ത് ഫണ്ടിൽ നിന്നും |
|---|---|---|---|

| പേരും തസ്തികയും | ശമ്പളപരിഷ്കരണ കുടിശിക | ഈടാക്കേണ്ടിരുന്ന എൻപിഎസ് വിഹിതം | അടവാക്കേണ്ട എൻപിഎസ് വിഹിതം |
|---|---|---|---|
| അലിന്റ എബ്രാഹം, ക്ലർക്ക് | 5419 (മൂന്നാം ഗഡു) | 542 | 542 |
| | 5227 (നാലാം ഗഡു) | 523 | 523 |
| | ആകെ | 2130 | |

പങ്കാളിത്ത പെൻഷനിലുൾപ്പെട്ടിട്ടുള്ള മേൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ പങ്കാളിത്ത പെൻഷൻ വിഹിതം അടവാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (18/07.08.2019) നൽകിയതിനെ തുടർന്ന് പ്രസ്തുത തുക (2130 രൂപ ) 67336390966 (ഡയറക്ടർ ഓഫ് പഞ്ചായത്ത് എൻ.പി.എസ്) എന്ന അക്കൗണ്ടിലേക്ക് 08.08.2019 തീയതി അടവാക്കിയിട്ടുണ്ട്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | | 300000 | വികലാംഗരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 300000 | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | | 530192 | ലൈഫ് ജനറൽ | 530192 | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | | 150237 | ലൈഫ് എസ്സ്.സി | --- | 150237 |
| ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ | | 130000 | നെൽകർഷകർക്ക് കൂലിചെലവ് | 1300000 | |
| ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ | | 548862 | ലൈഫ് ജനറൽ | 548862 | |
| ബ്ലോക്ക് പഞ്ചായത്ത്, | | 329900 | ലൈഫ് എസ്സ്.സി | ---------- | 329900 |
| ബ്ലോക്ക് പഞ്ചായത്ത്, | | 500000 | പാലിന് സബ്സിഡി | 500000 | |
| ബ്ലോക്ക് പഞ്ചായത്ത്, | | 400000 | പാലിന് സബ്സിഡി | 400000 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് പ്രോജക്ട് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 213/19 | 50074 | --- | 50074 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ6/19 | 1278516 | ------ | 1278516 |
| ഗ്രൗണ്ട് വാട്ടർ അതോറിട്ടി | ജി.എൽ പി.എസ് മാഞ്ഞൂരിൽ കുഴൽ കിണർ 41/19 | 65000 | --- | 65000 |
| കെ.ഡബ്ല്യൂ.എ | അംഗനവാടിയ്ക്ക് വാട്ടർ കണക്ഷൻ 19/19 | 90000 | ----- | 90000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ്ഗാന്ധി ഭവനപദ്ധതി | നം 50580/ഡിബി1/14 ത.സ്വ.ഭ.വ 1.8.14 | 9720000 | ------------- | 1340000 | - | 8380000 |
| ലൈഫ് ഭവന പദ്ധതി- കെ യു അർ ഡി എഫ് സി ലോൺ | ജി ഒ(എം.എസ്)68/2018/ൽ എസ് ജി ഡി തീയതി 18.05.2018 | ---------------- | 2060000 | 40000 | ------------- | 2020000 |

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തിരിച്ചടക്കാനവശേഷിക്കുന്ന പലിശയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | - | 2013-14 | 5-3 | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരംഭവും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 96587762 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93011660 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2645279 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 462622 | ശ്രീ. വിനോദ് ബാബു പി.വി.<br>സെക്രട്ടറി |
| 3-8- 1 | 455800 | ശ്രീ. സലിൻ പി.ആർ<br>കൃഷി ആഫീസർ |
| 3-8-2 | 1004973 | ശ്രീ. സലിൻ പി.ആർ<br>കൃഷി ആഫീസർ |
| 3-9-1 | 10829 | ഡോ. മഞ്ജു റ്റി. വി.<br>മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-9-2 | 11476 | ഡോ. സൗമ്യ എസ് നായർ,<br>മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| 3-9-3 | 59579 | ഡോ. സൗമ്യ എസ് നായർ,<br>മെഡിക്കൽ ഓഫീസർ, പിഎച്ച് സി |
| 3-9-4 | 450000 | ഡോ. ദിവ്യമോൾ തോമസ്, വെറ്ററിനറി സർജൻ |
| 3-9-5 | 90000 | ശ്രീമതി. മിനികുമാരി പി.എൻ.<br>ഐസിഡിഎസ് സൂപ്പർവൈസർ |
| 3-9-6 | 100000 | ശ്രീമതി. കെ.എം. ചിക്കു, ഹെഡ്മിസ്ട്രസ് |
| ആകെ | 2645279 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 (ചെലവ്) | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(1)/18 08.01.18 |
| 1998-99 | എൽ.എഫ്.കെ.പി5/1262/07, 06.06.2008/21.4.2008 |
| 2000-01, 2001-02 പ്ലാൻ | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(2)/18, 08.01.18 |
| 2003-04 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(5)/18 08.01.18 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി5/907/ 04 9.3.04/8.8.05 |
| 2006-07 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(7)/18, 8.01.18 |
| 2008-09 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(9)/18, 08.01.18 |
| 2009-10, 2010-11 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(10)/18 09.01.18 |
| 2011-12 | കെ.എസ്.എ കെടിഎം/പി4 (അദാ)/2018-40(11)/18 08.01.18 |
| 2012-13 | എൽ.എഫ്.കെ.പി4/14/15, 22.02.17 |
| 2013-14,2014-15 | കെ.എസ്.എ കെടിഎംപി4 602/16, 5.9.16 |
| 2015-16 | കെ.എസ്.എ കെടിഎം പി4 1042/17, 15.11.17 |
| 2016-17 | കെ.എസ്.എ കെടിഎം പി4-165/18 09.03.18 |
| 2017-18 | കെ.എസ്.എ കെടിഎം പി4-77/19, 20.02.19/25.3.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം**

# <u>അനുബന്ധം -1 ഓഡിറ്റ്സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ-കെ.ടി.എം.പി4-1243/19 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 27.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19**വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം